(ഡി) ഈ തുക ലഭിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ;

(ഇ) അവ ഓരോന്നും എന്തു തുകവീതം ലാഭമുണ്ടാക്കി?

ഉത്തരം

(എ,ബി) കടപ്പത്രം വഴി 180 കോടി രൂപ സമാഹരിച്ചു.

(സി) (ഇതുവരെ ഏകദേശം 260 കോടിയോളം രൂപയുടെ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 24 കമ്പനികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്) ഏകദേശം 136 കോടി രൂപ കമ്പനികൾക്കു നൽകി. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി.ഇ) ധനസഹായം ലഭിച്ച കമ്പനികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി പെർഫോർമൻസ് ആഡിറ്റുകൾ 'റിയാബ്' (പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ്) നടത്തിവരുന്നു. ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുവാൻ കുറച്ചുസമയം കൂടി വേണ്ടിവരും.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കമ്പോളപഠനം

4 (511)ശ്രീ. എ. അലിഹസ്സൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. എളമരം കരീം :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സർക്കാർതലത്തിൽ കമ്പോളപഠനം നടത്താൻ വ്യവസായ വകുപ്പിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഇതിനുവേണ്ടി സ്വന്തമായി സംവിധാനം ഇല്ലെങ്കിൽ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പല പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഉല്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ കഴിയാതെ വരുന്നതുകൊണ്ടാണ് നഷ്ടം സംഭവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വ്യാവസായിക ഉല്പന്നങ്ങൾ യഥാസമയം വിപണനം ചെയ്യുന്നതിന് സർക്കാർതലത്തിൽ ഒരു സ്ഥിരം സംവിധാനം കൊണ്ടുവരുമോ;

(ഇ) ഇക്കാര്യത്തിൽ മറ്റ് ഏജൻസികളെ ചുമതലപ്പെടുത്താനുള്ള സംവിധാനം വേണ്ടെന്നുവയ്ക്കുമോ?

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഓരോ സ്ഥാപനത്തിനും പ്രത്യേകം വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഉല്പന്നങ്ങളുടെ വിദേശവിപണി കണ്ടെത്തുന്നതിനായി കമ്പോളപഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സർക്കാർ തലത്തിൽ കമ്പോളപഠനം നടത്താനുള്ള നിർദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി കേരള ഇൻഡസ്ട്രിയൽ പ്രോഡക്റ്റ്സ് ട്രേഡിങ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ കേരളാ സിറാമിക്സിന്റെ ഉല്പന്നങ്ങൾ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ എംപോറിയം വഴിയും വിപണനം ചെയ്യുന്നു. വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി എല്ലാ മേഖലകൾക്കും പ്രത്യേക സെക്ടറിൽ കമ്മിറ്റികളും രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്.

(സി) ഇല്ല. ഇപ്രകാരം റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി, ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

"ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി പൂട്ടിയ സംഭവം"

5 (513)ശ്രീ. ആന്റണി രാജു:

ഡോക്ടർ കെ.സി. ജോസഫ് :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി ഇടക്കാലത്ത് പൂട്ടുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ടൈറ്റാനിയം മലിനീകരണ പ്രശ്നം പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) കോസ്റ്റൽ അപ്പലിഫ്റ്റ് അതോറിറ്റി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ആവശ്യങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) ടൈറ്റാനിയം ഫാക്ടറിയിൽ ഇനി ഒരു പ്രതിസന്ധി സൃഷ്ടിക്കാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 28/10/2000-ന് കോസ്റ്റൽ അപ്പലിഫ്റ്റ് അസോസിയേഷന്റെ നേതൃത്വത്തിൽ ഒരു വലിയ സംഘം ആളുകൾ കമ്പനി കോമ്പൗണ്ടിൽ അതിക്രമിച്ചു കടന്ന് പാഴ്ജലം കടലിലേക്കൊഴുകിപ്പോകുന്ന പൈപ്പുകളും ട്രഞ്ചുകളും നശിപ്പിക്കുകയും അവ കോൺക്രീറ്റിട്ടടയ്ക്കുകയും ചെയ്തു. ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly